**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2160** **03-03-2025 - ൽ മറുപടിയ്ക്ക്**

**കേരള ഹെൽത്ത് റിസർച്ച് ആന്റ് വെൽഫയർ സൊസൈറ്റിയിലെ പർച്ചേഴ്സ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എം. വിൻസെന്റ്** | | **ശ്രീമതി വീണാ ജോർജ്ജ്**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | കേരള ഹെൽത്ത് റിസർച്ച് ആന്റ് വെൽഫയർ സൊസൈറ്റിയിലെ നിലവിലെ മാനേജിങ് ഡയറക്ടർ, ഇ -ടെൻഡറിംഗോ, ടെൻഡറിഗോ നടത്താതെ വിവിധ എ.സി.ആർ ലാബുകളിലും, കെ.എച്ച്.ആർ.ഡബ്ല്യൂ.എസ്- ന്റെ കീഴിലുള്ള മറ്റു യൂണിറ്റുകളിലും ഉപകരണങ്ങൾ നേരിട്ട് വാങ്ങിയതും, ട്രയൽ റൺ എന്ന പേരിൽ അനധികൃതമായി ഉപകരണങ്ങൾ സ്ഥാപിച്ചതും, കാത്ത് ലാബ് മെഷീൻ, എം.ആർ.ഐ.സ്കാൻ, സി.റ്റി. സ്കാൻ, അൾട്രാസൗണ്ട് സ്കാൻ എന്നിവ സ്ഥാപിക്കുന്നതിലും ഉന്നതതല അന്വേഷണം നടത്തി നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | (എ) | കേരള ഹെൽത്ത് റിസർച്ച് ആൻറ് വെൽഫെയർ സൊസൈറ്റിയിൽ ടെൻഡർ, ഇ-ടെൻഡർ നടപടികൾ പ്രകാരമോ,കെ.എം.എസ്.സി.എൽ റേറ്റ് കോൺട്രാക്ട് പ്രകാരമോ മാത്രമാണ് എ സി ആർ ലാബുകളിലേക്കും,കെ.എച്ച്.ആർ.ഡബ്ല്യു.എസ്-ന്റെ മറ്റ് യൂണിറ്റുകളിലേക്കും ഉള്ള ഉപകരണങ്ങൾ വാങ്ങുന്നത്. ഇപ്രകാരം ടെൻഡർ/കെ.എം.എസ്.സി.എൽ റേറ്റ് കോൺട്രാക്ട് പ്രകാരമല്ലാതെ കെ.എച്ച്.ആർ.ഡബ്ല്യു.എസ്-ൽ നേരിട്ട് ഉപകരണങ്ങൾ വാങ്ങയിട്ടില്ലാത്തതാണ്.ട്രയൽ റണ്ണിനായി ഉപകരണങ്ങൾ വാങ്ങി സ്ഥാപിച്ചിട്ടില്ല.മെഡിക്കൽ കോളേജുകളിലും, മറ്റ് ആശുപത്രികളിലും കാത്ത് ലാബ് മെഷീൻ,എം.ആർ.ഐ സ്കാൻ,സി.റ്റി സ്കാൻ, അൾട്രാസൌണ്ട് സ്കാൻ എന്നിവ കെ.എച്ച്.ആർ.ഡബ്ല്യു.എസ് ഗവേണിംഗ് ബോഡി തീരുമാന പ്രകാരമാണ് സ്ഥാപിച്ചിട്ടുള്ളത്.ഇക്കാര്യത്തിലും ടെൻഡർ / കെ.എം.എസ്.സി.എൽ റേറ്റ് കോൺട്രാക്ട് പ്രകാരം മാത്രമാണ് നടപടികൾ സ്വീകരിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ